# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

**നമ്പർ: 39/2022**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ........................................................................................ ................................................................................................................ പള്ളി വികാരിയും, സഹ പട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ഭരണസമിതിയംഗങ്ങളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,

പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ ഭാരത ദേശത്ത് നമ്മുടെ സഭ സ്ഥാപിക്കപ്പെട്ടു എന്നുള്ളത് നിങ്ങൾക്ക് ഏവർക്കും അറിവുള്ളതാണല്ലോ. ദൈവത്തിന്റെ അളവറ്റ കരുണയാൽ നിരവധി പ്രതിസന്ധികൾക്കിടയിലും സഭ അഭിവൃദ്ധിപ്പെട്ടു വരുന്നു, അതിനായി നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം. മലങ്കര സഭയുടെ അപ്പോസ്തോലിക പൈതൃകത്തിന്റെയും സ്വത്വബോധത്തിന്റെയും തദ്ദേശീയതയുടെയും പ്രതീകമാണല്ലോ പൗരസ്ത്യ കാതോലിക്കേറ്റ്. **സഭാദിനം** അഥവാ **കാതോലിക്കാദിനം** കാതോലിക്കേറ്റിന്റെ പ്രസക്തിയും മൂല്യവും സ്മരിക്കുന്നതിനും സഭയ്ക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുന്നതിനുമായി ക്രമീകരിക്കപ്പെട്ടിരിക്കുന്നു. 2022-ലെ കാതോലിക്കാ ദിനം വലിയ നോമ്പിലെ 36-ാം ഞായറാഴ്ചയായ ഏപ്രിൽ മാസം 3-ാം തീയതിയാണ്. കോവിഡ്-19 പകർച്ചവ്യാധിയുടെയും അതുമൂലമുള്ള നിയന്ത്രണങ്ങളുടെയും പശ്ചാത്തലത്തിലാണ് ഈ വർഷം സഭാദിനാചരണം ക്രമീകരിക്കപ്പെടുന്നത് എങ്കിലും ഏറ്റവും ഭംഗിയായും യുക്തമായും ഈ ദിനം ആചരിക്കുവാൻ സഭാമക്കൾ ശ്രദ്ധിക്കണം. പരിശുദ്ധാത്മ നിറവിലേക്ക് വളരുവാനും, കുടുംബ നവീകരണത്തിനും, സഭാജീവിത വിശുദ്ധീകരണത്തിനും വ്യക്തിപരമായ രൂപാന്തരീകരണത്തിനുമുള്ള അവസരമായി കാതോലിക്കാദിനാചരണം മാറണം എന്നതാണ് നമ്മുടെ ആഗ്രഹം. അന്നേദിവസം വി. കുർബ്ബാനമദ്ധ്യേ പരിശുദ്ധ സഭയ്ക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കണം. കാതോലിക്കേറ്റ് പതാക ഉയർത്തുകയും ഏവരും സഭാദിന പ്രതിജ്ഞ എടുക്കുകയും ചെയ്യണം. കാതോലിക്കേറ്റിന്റെ പ്രസക്തിയും പരിശുദ്ധ സഭയുടെ വിശ്വാസവും പാരമ്പര്യവും സംബന്ധിച്ചുള്ള പ്രത്യേകമായ പ്രബോധനങ്ങളും ക്രമീകരിക്കണം.

കാതോലിക്കാദിന ധനസമാഹരണത്തിലൂടെ ലഭിക്കുന്ന തുകയാണല്ലോ പ. സഭയുടെ പ്രധാന വരുമാനമാർഗ്ഗം. പരിശുദ്ധ സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ആത്മീയ സംഘടനകളുടെ പോഷണത്തിനും നാം പ്രധാനമായും ആശ്രയിക്കുന്നത് കാതോലിക്കാദിന കവർ കളക്ഷനെയാണ്. കഴിഞ്ഞ വർഷം കോവിഡ് പ്രതിസന്ധി മൂലം കാതോലിക്കാദിന ധനസമാഹരണത്തിലൂടെ ലഭിച്ച തുക വളരെ കുറവായതിനാൽ സഭയുടെ നാനാവിധമായ പദ്ധതികൾക്കുള്ള ധനസഹായം നൽകുന്നതിന് സാധ്യമാകാതെ വരികയാണ്.

പ്രിയരെ,

കോവിഡ് മഹാമാരി മൂലമുള്ള പ്രതിസന്ധികൾ നിലനിൽക്കുന്നുവെങ്കിലും പരിശുദ്ധ സഭയുടെ ബജറ്റിൽ ഉൾക്കൊള്ളിച്ച പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിലേക്ക് പത്ത് കോടി രൂപയെങ്കിലും 2022-23 വർഷം കാതോലിക്കാദിന കവർ പിരിവിലൂടെ സമാഹരിക്കണമെന്നാണ് പരിശുദ്ധ സഭ നിശ്ച

(മറുപുറം)

യിച്ചിരിക്കുന്നത്. സഭാ മക്കൾ എല്ലാവരും സഭാദിനാചരണത്തിലും കവർ പിരിവിലും ആത്മാർത്ഥമായി സഹകരിക്കണം. ഒരു കുടുംബത്തിന്റെ ഒരു ദിവസത്തെ ശരാശരി വരുമാനമെങ്കിലും പരിശുദ്ധ സഭയുടെ പുരോഗതിക്കായി നൽകണം. സഭയോടുള്ള സ്നേഹത്തെയും കരുതലിനെയും പ്രതി സഭയുടെ പുരോഗതിക്കുവേണ്ടി ദൈവസന്നിധിയിൽ സമർപ്പിക്കുന്ന കാഴ്ചയായി കരുതി ഏവരും ഇക്കാര്യത്തിൽ പങ്കുചേരണമെന്ന് നാം സ്നേഹപൂർവ്വം ആവശ്യപ്പെടുന്നു. 'ദശാംശം ദൈവത്തിനുള്ളതാണ്' എന്ന വേദസത്യം നാം പ്രത്യേകം ഓർക്കണം.

കവർ കളക്ഷൻ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുവാൻ കാതോലിക്കാദിന കവറും ഫോൾഡറും എല്ലാ ഭവനങ്ങളിലും യഥാസമയം എത്തിക്കണം. പ. സഭയുടെ അഭ്യുദയകാംക്ഷികൾ, വ്യാപാരി-വ്യവസായികൾ, ഉദ്യോഗസ്ഥർ മുതലായവരിൽനിന്നും സഭയ്ക്കുവേണ്ടി സംഭാവനകൾ സ്വീകരിക്കണം. ഇടവക വികാരിമാർ ഇക്കാര്യത്തിൽ പ്രത്യേകം താല്പര്യം എടുക്കണം. കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് കഴിവുള്ളിടത്തോളം ഭവനങ്ങൾ സന്ദർശിച്ച് ടാർജറ്റിൽ കവിഞ്ഞ തുക സ്വരൂപിക്കണം. ഈ തുകയോടൊപ്പം സഭാദിന കാണിക്കയും, റശ്ശീസായും ചേർത്ത് സഭാകേന്ദ്രത്തിൽ നിശ്ചിതസമയത്തിനുള്ളിൽ അടയ്ക്കേണ്ടതാണ്. കാതോലിക്കാ ദിന കവറുകളോടൊപ്പം കേന്ദ്രത്തിൽ നിന്നും നൽകുന്ന ഫോറം വികാരിമാർ പൂരിപ്പിച്ച് നൽകണം. കഴിഞ്ഞ വർഷം ടാർജറ്റായി 10 കോടി രൂപ നിശ്ചയിക്കപ്പെട്ടിരുന്നെങ്കിലും കോവിഡ്-19 പ്രത്യാഘാതങ്ങൾ മൂലം 4.6 കോടി രൂപ മാത്രമാണ് ലഭിച്ചത്. ഒരു കുടുംബത്തിന്റെ ഒരു ദിവസത്തെ ശരാശരി വരുമാനമാണ് കാതോലിക്കാദിനവിഹിതമായി നൽകേണ്ടത്. അതനുസരിച്ച് ആ ഇടവകയിലെ ഭവനമൊന്നിന് കുറഞ്ഞത് ................ രൂപാ എന്ന നിരക്കിൽ സംഭാവന തുക നിശ്ചയിച്ചിരിക്കുന്നു. ആ പള്ളിയുടെ ടാർജറ്റ് .................................രൂപയായിരിക്കും. കവറും, ഫോൾഡറും പള്ളികൾക്ക് അയച്ചുതരുന്നതാണ്. പള്ളിയുടെ ചുമതലക്കാർ അവ യഥാസമയം ശേഖരിച്ച് കാതോലിക്കാദിനമായ ഏപ്രിൽ 3-ന് മുമ്പ് എല്ലാ ഭവനങ്ങളിലും എത്തിക്കണമെന്ന് താല്പര്യപ്പെടുന്നു.

വാത്സല്യമുള്ളവരെ, ബലഹീനനായ നമ്മെയും, സഹോദര മെത്രാപ്പോലീത്താമാരെയും, വൈദികഗണത്തെയും, സന്യാസ സമൂഹങ്ങളെയും, ആത്മീയ സംഘടനാ പ്രവർത്തകരെയും ലോകമെങ്ങുമുള്ള വിശ്വാസികളെയും ഓർത്ത് നിങ്ങളേവരും പ്രാർത്ഥിക്കണം. സഭയിൽ ശാശ്വത സമാധാനം സ്ഥാപിക്കപ്പെടുന്നതിനും ഭിന്നതകളും കലഹങ്ങളും പൂർണ്ണമായും ഇല്ലാതാകുന്നതിനും ഓരോ വിശ്വാസിയുടെയും പ്രാർത്ഥന വിലയേറിയതാണ് എന്ന് നാം കരുതുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ വി. മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2022 ഫെബ്രുവരി മാസം 22-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**